"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ശ്രീ.സി.പി മുഹമ്മദ് റഫീക്കിന് ചികിത്സാ സഹായം അനുവദിക്കുന്നതിന് തനത് ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ.(സാധാ) നം.1892/2026/LSGD തീയതി,തിരുവനന്തപുരം, 08-10-2026

---

പരാമർശം:-

1. കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 07.08.2025 തീയതിയിലെ 78 / 2025 നമ്പർ തീരുമാനം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.11.2025 തീയതിയിലെ LSGD/PD/33566/2025-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. സി.പി. മുഹമ്മദ് റഫീഖിന്റെ പക്ഷാഘാത ചികിത്സയ്ക്കായി ഇതുവരെ ചെലവായ ₹1,67,770/- ഉൾപ്പെടെ തുടർചികിത്സയ്ക്ക് പ്രതീക്ഷിക്കുന്ന ചെലവും കണക്കിലെടുത്ത് ആകെ ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് സർക്കാർ അനുമതി തേടിയുള്ള പരാമർശം (1) പ്രകാരമുള്ള ഭരണസമിതി തീരുമാനവും അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. സി.പി. മുഹമ്മദ് റഫീഖിന്റെ ചികിത്സയ്ക്കായി സമർപ്പിച്ച മെഡിക്കൽ ബില്ലുകളുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ ₹1,67,770/- (ഒരു ലക്ഷത്തി അറുപത്തേഴായിരത്തി എഴുന്നൂറ്റി എഴുപത് രൂപ മാത്രം) ചികിത്സാ സഹായമായി അനുവദിക്കുന്നതിന്, ബന്ധപ്പെട്ട രേഖകളുടെ ആധികാരികതയും തുകയുടെ കൃത്യതയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും, അധികമായോ ക്രമവിരുദ്ധമായോ തുക അനുവദിച്ചതായി പിന്നീട് കണ്ടെത്തുന്ന പക്ഷം ആയത് അപേക്ഷകൻ തിരിച്ചടയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിലും, കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുയീനുദീൻ എൻ കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Ajith Kumar K A
Date: 08-10-2026
16:38:11

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്

സെക്രട്ടറിയുടെ പി.എ യ്ക്ക്

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ ക്ക്